**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 418** **01-11-2021 - ൽ മറുപടിയ്ക്ക്**

**കാരവൻ ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സമഗ്ര കാരവൻ ടൂറിസം സംബന്ധിച്ച് സർക്കാർ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് സമഗ്ര കാരവൻ ടൂറിസം നയം സ.ഉ.(കൈ)നം.18/21/ടൂറിസം തീയതി 08.10.2021 പ്രകാരം ഉത്തരവായിട്ടുണ്ട്. കാരവൻ ടൂറിസം പദ്ധതി നടപ്പാക്കുവാനായി മോട്ടോർ വാഹനവകുപ്പുമായി വിശദമായ ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ തടസ്സങ്ങളില്ലാതെ കാരവൻ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും പൊതുനിരത്തിലൂടെ സഞ്ചരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഒരുക്കാൻ മോട്ടോർ വാഹന വകുപ്പ് തീരുമാനമെടുത്തുകഴിഞ്ഞു. കാരവനുകളുടെ നികുതി ഗണ്യമായി കുറവു ചെയ്യുവാൻ വേണ്ട നടപടിയും മോട്ടോർ വാഹനവകുപ്പ് സ്വീകരിച്ചിട്ടുണ്ട്. വിവിധ മോട്ടോർ വാഹനനിർമ്മാതാക്കൾ കാരവൻ വാഹനം നിർമ്മിച്ച് വിപണിയിലിറക്കാൻ മുന്നോട്ട് വന്നിട്ടുണ്ട്. പ്രശസ്തമായ ഒരു കമ്പനി ഇപ്പോൾത്തന്നെ അവരുടെ ആദ്യത്തെ കാരവൻ വാഹനം വിപണിയിലെത്തിച്ചിട്ടുണ്ട്. കാരവൻ വാങ്ങുവാനായും കാരവൻ പാർക്കുകൾ നിർമ്മിക്കുവാനുമായി നിരവധി സംരംഭകർ മുന്നോട്ടു വന്നിട്ടുണ്ട്. അവർക്കായി രജിസ്ട്രേഷൻ ഏർപ്പെടുത്തുവാനുള്ള ഓൺലൈൻ സംവിധാനം നവംബർ ആദ്യവാരത്തോടെ തയ്യാറാകും. കാരവൻ ടൂറിസം സഞ്ചാരികൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനായി ഒരു പ്രത്യേക പരസ്യക്യാമ്പയിൻ ഉടൻ അവതരിപ്പിക്കും. അതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. 2022 ആദ്യഘട്ടത്തിൽ കാരവനുകൾ പ്രവർത്തനസജ്ജമാകും എന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ടൂറിസം മേഖലയ്ക്ക് ഉണർവ്വേകാൻ കാരവൻ ടൂറിസം എപ്രകാരം സഹായിക്കുമെന്നും ഇതിലൂടെ ലഭിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ? | (ബി) | കോവിഡാനന്തര സാഹചര്യത്തിൽ സഞ്ചാരികളെ വരവേൽക്കുവാനായി ഇനിയും ഒരു പടികൂടി കേരളം മുന്നോട്ടുപോകേണ്ടിയിരിക്കുന്നു. അതിന്റെ ഭാഗമായി കൂടുതൽ മികച്ച പ്രചരണ പ്രവർത്തനങ്ങൾക്കൊപ്പം |

സഞ്ചാരികൾക്കായി പുത്തൻ അനുഭവങ്ങളും ഏർപ്പെടുത്തണമെന്നും നിശ്ചയിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി നവീനമായ ഒരു ടൂറിസം ഉൽപ്പന്നം എന്ന നിലയ്ക്കാണ് "കാരവൻ ടൂറിസം" അവതരിപ്പിച്ചിട്ടുള്ളത്. പതിറ്റാണ്ടുകളായി കേരളത്തിന്റെ പ്രധാന ആകർഷണമായി ഹൗസ് ബോട്ടും കായൽ ടൂറിസവും തുടരുന്നു. അതുപോലെ നവീനമായതും മികവുറ്റതുമായ ഒരു ടൂറിസം ഉൽപ്പന്നം കൊണ്ടുവരേണ്ടത് മാറിയ സാഹചര്യങ്ങളിൽ അത്യന്താപേക്ഷിതമാണ് അത് എന്ന ചിന്തയിൽ നിന്നുമാണ് "കാരവൻ ടൂറിസം" എന്ന സങ്കൽപ്പം ഉയർന്നുവന്നിട്ടുള്ളത്. ടൂറിസം മേഖലയുടെ സമഗ്രവികസനത്തിനായി ഈ സങ്കൽപ്പത്തെ പുനഃപ്രതിഷ്ഠിക്കുവാനാണ് കാരവൻ ടൂറിസം നയം രൂപീകരിച്ചിട്ടുള്ളത്. വിനോദസഞ്ചാരികൾക്ക് തങ്ങൾക്ക് പ്രിയപ്പെട്ടതും അതോടൊപ്പം ഇതേവരെ പ്രശസ്തിയാർജ്ജിച്ചിട്ടില്ലാത്തതുമായ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് യാത്ര ചെയ്യാനും ആസ്വദിക്കാനും ഇത് സഹായകരമാകും. പകൽസമയത്ത് സഞ്ചരിക്കുവാനും രാത്രികാലങ്ങളിൽ താമസിക്കുവാനും വേണ്ട സൗകര്യങ്ങളോടെയാണ് കാരവനുകൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്. മിതമായ നിരക്കിൽ ഒരു റിസോർട്ടിലോ ഹോട്ടലിലോ ലഭിക്കുന്ന സൗകര്യങ്ങൾ ഓരോ കാരവനിലും ഉണ്ടാകും. പ്രധാനമായും സ്വകാര്യമേഖലയിലെ സംരംഭകരുടെ ഉടമസ്ഥതയിലാണ് കാരവനുകൾ നിരത്തിലിറങ്ങാൻ പോകുന്നത്. കാരവൻ ടൂറിസം പദ്ധതിയിലൂടെ സംസ്ഥാനത്ത് വിവിധതലങ്ങളിലുള്ള നേട്ടങ്ങൾ സർക്കാർ ലക്ഷ്യമിടുന്നു. 1. ടൂറിസം മേഖലയുടെ സമഗ്രവികസനം സാധ്യമാക്കുക. 2. കേരളത്തിലെ unexplored ആയ destinationകൾ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുക. 3. നിലവിൽ താരതമ്യേന താമസസൗകര്യങ്ങൾ കുറഞ്ഞ കേന്ദ്രങ്ങളിൽ സഞ്ചാരികളുടെ വരവ് ഉയർത്തുക. 4. വിവിധ ജനസമൂഹങ്ങൾക്കു കൂടി പ്രയോജനകരമാകുന്ന വിധത്തിൽ ഉത്തരവാദ ടൂറിസം വികസനം നടപ്പിലാക്കുക. 5. തദ്ദേശവാസികൾക്ക് തൊഴിലവസരം സൃഷ്ടിക്കുക. 6. ടൂറിസം മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുക. 7. ടൂറിസം മേഖലയെ കൂടുതൽ പരിസ്ഥിതി സൗഹൃദമാക്കുക. കേരളത്തിന്റെ നിക്ഷേപസാധ്യതയിലും തൊഴിൽ മേഖലയിലും വിദേശനാണ്യമുൾപ്പെടെയുള്ള വരുമാനസ്രോതസ്സിലും വലിയ സംഭാവന നൽകുന്ന മേഖലയാണ് ടൂറിസം. ടൂറിസം വ്യവസായത്തിന്റെ മുന്നോട്ടുള്ള കുതിപ്പിൽ

| | | | |
|---|---|---|---|
| | | | പ്രധാന പങ്ക് വഹിക്കുവാൻ പോകുന്നത് കാരവൻ ടൂറിസം പദ്ധതിയാണെന്ന് വിലയിരുത്തുന്നു. |

സെക്ഷൻ ഓഫീസർ